25483
29/11/17

File No.LBRD-F3/440/2017-LBRD

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കോഴിക്കോട് ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് - കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷന്റെ പരിധിയിലുള്ള ഉള്ള കെട്ടിടം ചതുരശ്ര അടിക്ക് 15/- രൂപ നിരക്കിൽ വാടകയ്ക്ക് ഏറ്റെടുക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം./1561/2017/തൊഴിൽ തീയതി,തിരുവനന്തപുരം, 24/11/2017

പരാമർശം:- 1) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് കോഴിക്കോട് ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ 07.10.2017 - ലെ ജി2-7187/ആർ.ഡി.ഡി.(ഉ.മേ) നമ്പർ കത്ത്.

2) കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിന്റെ 07.10.2017- ലെ സമ്മതപത്രം.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 10/10/2017-ലെ എ2/5902/2014/ഡി.ഐ.എം.എസ് നമ്പർ കത്ത്.

## ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് കോഴിക്കോട് ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്നത് വളരെ ശോചനീയവസ്ഥയിലുള്ള കെട്ടിടത്തിലായതിനാൽ ടി കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ഒരു വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷന്റെ കീഴിലുള്ള കെട്ടിട സമുച്ചയത്തിലെ അഞ്ചാം നിലയിലെ 2090 ചതുരശ്ര അടി സ്ഥലം, ഒരു ചതുരശ്ര അടിക്ക് 15/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകുവാൻ സമ്മതമാണെന്ന് പരാമർശം - 1 പ്രകാരം റീജയണൽ മാനേജർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം - 2 പ്രകാരം ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടർ

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ അറിയിക്കുകയും മിതമായ വാടക നിരക്കിലുള്ള പ്രസ്തുത കെട്ടിടം എടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം - 3 ലെ കത്ത് മുഖേന ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2 ) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇപ്പോൾ കോഴിക്കോട് ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതു വരെ തൽക്കാലത്തേക്ക് ടി ഓഫീസ് ഒരു വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. എരഞ്ഞിപ്പാലത്തുള്ള കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷന്റെ പരിധിയിലുള്ള കെട്ടിടത്തിന്റെ അഞ്ചാം നിലയിൽ നിന്നും 2090 ചതുരശ്ര അടി സ്ഥലം ഒരു ചതുരശ്ര അടിക്ക് 15/- രൂപ നിരക്കിൽ വാടകയ്ക്ക് എടുത്ത് കോഴിക്കോട് ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ടി സ്ഥലത്തേക്ക് മാറ്റുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട നിർമ്മാണ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറും കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിന്റെ റീജിയണൽ മാനേജരും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മോഹനകുമാർ.എ.കെ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്,തിരുവനന്തപുരം

ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, കോഴിക്കോട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് സബ് ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ്, ഫെറോക്ക്, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ/ ഡി.ബി.സെൽ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുമരാമത്ത് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ